**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ മണക്കുന്നം വില്ലേജിൽപെട്ട റീ സർവ്വേ നമ്പർ 4/2, 18-ൽ ഉൾപ്പെട്ട വസ്തുവിൽപെട്ട അനധികൃത നിർമ്മാണം - കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 - ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3685/2017/തസ്വഭവ തിരുവനന്തപുരം, തീയതി 15/11/2017.**

---

പരാമർശം:- 1) G.O. (Ms) No.150/2014/LSGD തീയതി 21/8/2014.

2) കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം ശ്രീ. ജോസ് മാത്യു കരിയത്ത് പറമ്പിൽ, തെക്കുംഭാഗം, തൃപ്പൂണിത്തുറ, എറണാകുളം സമർപ്പിച്ച 18/11/2014 ലെ അപേക്ഷ.

3) മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരത്തിന്റെ 5/1/2016 ലെ സി1/3200/2015/K.dis(R), 18/02/2016 ലെ സി1/1224/2016/K.Dis.(R), 13/3/2017 ലെ സി1- 9760/16/K.Dis.(R) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ, മണക്കുന്നം വില്ലേജിൽ റീ സർവ്വേ നമ്പർ 4/2, 18-ൽ ഉൾപ്പെട്ട വസ്തുവിൽ ശ്രീ.ജോസ് മാത്യു, കരിയത്ത് പറമ്പിൽ, തെങ്ങുംഭാഗം, തൃപ്പൂണിത്തുറ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള പരാമർശം (2) ലെ അപേക്ഷ മുഖ്യനഗരാസൂത്രകൻ പരാമർശം (3) ലെ 5/1/2016 കത്ത് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ മണക്കുന്നം വില്ലേജിൽപ്പെട്ട റീസർവ്വേ നമ്പർ 4/2, 18-ൽ ഉൾപ്പെട്ട വസ്തുവിലെ അനധികൃത വാസഗൃഹനിർമ്മാണം 31/3/2013 ന് മുൻപ് പണി പൂർത്തിയായതാണെന്നും, പരാമർശം (1) പ്രകാരമുള്ള, Kerala Panchayat Building (Regularisation of unauthorised construction) Rules, 2014 ലെ Appendix II പ്രകാരം സേഫ്റ്റി ആന്റ് സെക്യൂരിറ്റി പ്രൊവിഷൻസ് പാലിക്കുന്നുണ്ടെന്നും, ആയതിനാൽ 4466/- രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിക്കാവുന്നതാണെന്നും പരാമർശം (3) ലെ കത്ത് പ്രകാരം മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്തിട്ടുണ്ട്.

3) കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം സർക്കാർ ഈ അപേക്ഷ വിശദമായി പരിശോധിച്ച ചീഫ് ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ, മണക്കുന്നം വില്ലേജിൽപ്പെട്ട റീ സർവ്വേ നമ്പർ 4/2, 18-ൽ ഉൾപ്പെട്ട വസ്തുവിൽ ശ്രീ.ജോസ് മാത്യു എന്നിവർ നിർമ്മിച്ച കെട്ടിടം 4466/-രൂപ (നാലായിരത്തി നാന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിക്കുന്നതിന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) അപേക്ഷകൻ കോമ്പൗണ്ടിംഗ് ഫീസായ 4466/- (നാലായിരത്തി നാനൂറ്റി അറുപത്തി ആറ് രൂപ മാത്രം) '0515 other Rural Development Programmes – 800 Other Receipts – 92 Compounding Fee for regularisation of unauthorised constructions violating provisions of building rules" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

5) മേൽ പരാമർശിച്ച തുക ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതും, കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സ്റ്റെല്ലാ ലിറ്റിൽ ഫ്ളവർ എം.കെ.**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. ജോസ് മാത്യു കരിയത്ത് പറമ്പിൽ, തെക്കുംഭാഗം, തൃപ്പൂണിത്തുറ, എറണാകുളം.
സെക്രട്ടറി, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, എറണാകുളം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ